പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4702 05/02/2014-ലെ മറുപടിക്ക്

അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പ്രതിദിനം എത്ര പാലാണ് അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്.<br>പ്രതിദിനം ഏകദേശം 3.55 ലക്ഷം ലിറ്റർ വരെ പാൽ കൊണ്ടുവരുന്നു. |
| (ബി) ഇറക്കുമതി ചെയ്യുന്ന പാലിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) | അയൽസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വേണ്ടി എഫ്.എസ്സ്.എസ്സ്.എ.ഐ ലൈസൻസുള്ള ഡയറികളിൽ നിന്നും എൻ.ഡി.ഡി.ബി നിയന്ത്രണത്തിലുള്ള ഡയറികളിൽ നിന്നുമാണ് മിൽമ പാൽ സംഭരിക്കുന്നത്. ക്ഷീരവികസനവകുപ്പിന്റെ ജില്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ പരിശോധന നടത്തുകയും റിപ്പോർട്ട് തുടർനടപടികൾക്കായി ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ